# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ. 18

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

നമ്മുടെ സഭയുടെയും സമൂഹത്തിന്റെയും ആദ്ധ്യാത്മികവും ഭൗതീകവുമായ ഉന്നമനത്തിനും ക്ഷേമത്തിനും ധന്യവും ധീരവുമായ നേതൃത്വം നൽകിയ അഭിവന്ദ്യനായ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനി 2021 മേയ് മാസം 5–ാം തീയതി ബുധനാഴ്ച വെളുപ്പിന് 1.15 ന് കർതൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു.

2021 ഏപ്രിൽ 23 ന് തിരുമേനിക്ക് ശാരീരികമായ ചില അസ്വസ്ഥതകൾ ഉണ്ടായതിനെത്തുടർന്ന് കുമ്പനാട് ഫെലോഷിപ്പ് മിഷൻ ആശുപത്രിയിൽ നിന്നും വിദഗ്ധ പരിശോധനകൾക്കായി തിരുവല്ല ബിലീവേഴ്സ് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. ആശുപത്രിയിൽ ചികിത്സയിലിരിക്കെ, ഏപ്രിൽ 27 നു നൂറ്റിമൂന്നു വയസ്സു പൂർത്തീകരിച്ച് നൂറ്റിനാലാം വയസ്സിലേക്കു പ്രവേശിച്ച വലിയ തിരുമേനിക്ക് വേണ്ടി, മെത്രാപ്പോലിത്തായുടെ നേതൃത്വത്തിൽ പ്രാർത്ഥനയും വിശുദ്ധകുർബ്ബാന ശുശ്രൂഷയും നടത്തി. ശാരീരികമായ ക്ഷീണം ഉണ്ടായിരുന്നുവെങ്കിലും ഉന്മേഷത്തോടുകൂടെയാണ് വിശുദ്ധ കുർബ്ബാന സ്വീകരിച്ചത്. 2021 മേയ് മാസം 4–ാം തീയതി പകൽ 11.30 ന് ബിലീവേഴ്സ് ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്തു. തന്നെ ശുശ്രൂഷിച്ച എല്ലാവരെയും കൈകൂപ്പി നമസ്ക്കരിച്ച് നന്ദി അറിയിച്ചാണ് പ്രസന്നവദനനായി വീൽചെയറിൽ മുറിയിൽ നിന്ന് ആംബുലൻസ് പാർക്ക് ചെയ്തിരുന്ന സ്ഥലം വരെ എത്തി ആംബുലൻസിൽ കുമ്പനാട് ഫെലോഷിപ്പ് ആശുപത്രിയിലേക്ക് യാത്ര തിരിച്ചത്. ഉച്ചയ്ക്ക് 12.30 മണിയോടെ കുമ്പനാട് ആശുപത്രിയിൽ എത്തി. ഉച്ചയ്ക്ക് ലഘു ഭക്ഷണം കഴിച്ചു. എന്നാൽ രാത്രി ശ്വാസതടസ്സം അനുഭവപ്പെട്ടു. ഡോ. രാജു പി.ജോർജും ഡോ. ജോൺ ഏബ്രഹാമും ഉടൻ തന്നെ ആശുപത്രിയിലെത്തി. വിവരം അറിഞ്ഞ് ഞാനും തോമസ് മാർ തിമൊഥെയോസ് തിരുമേനിയും സഭാ സെക്രട്ടറിയും രാത്രി 11 മണിക്ക് ആശുപത്രിയിലെത്തി. വലിയ മെത്രാപ്പോലിത്താ തിരുമേനിയുടെ ആരോഗ്യസ്ഥിതി വിലയിരുത്തിയതിനു ശേഷം തൈലാഭിഷേക ശുശ്രൂഷ നടത്തി. വിവരം അറിഞ്ഞ് ഡോ. യുയാക്കിം മാർ കൂറിലോസ്, ജോസഫ് മാർ ബർന്നബാസ്, ഡോ. ഏബ്രഹാം മാർ പൗലോസ്, ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എന്നീ തിരുമേനിമാരും സഭാ ട്രസ്റ്റിമാരും ആശുപത്രിയിലെത്തി. എല്ലാവരും പ്രാർത്ഥനാനിരതരായിരിക്കെ 2021 മേയ് 5 വെളുപ്പിന് 1.15 ന് അഭിവന്ദ്യനായ വലിയ മെത്രാപ്പോലിത്താ തിരുമേനി താൻ പ്രിയം വച്ച കർത്തൃസന്നിധിയിലേക്ക് പ്രത്യാശയോടെ പ്രവേശിച്ചു.

തിരുമേനിക്ക് ആവശ്യമായ ചികിത്സയും ശുശ്രൂഷകളും നിർവ്വഹിച്ച ഡോ. രാജു പി.ജോർജ്, ഡോ.ജോർജ് ചാണ്ടി, ഡോ. ജോംസി ജോർജ്, ഡോ. ജിൻസി മറിയം കോശി, ഡോ. രവി ചെറിയാൻ, മറ്റു ഡോക്ടറന്മാർ, നേഴ്സുമാർ, ഇതര പ്രവർത്തകർ തിരുവല്ല ബിലീവേഴ്സ് മെഡിക്കൽ കോളജ് ആശുപത്രി മാനേജ്മെന്റ് വിശിഷ്യ ഫാ. സിജോ പന്തപ്പള്ളി എന്നിവരുടെ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു.

തിരുമേനിയുടെ വിശ്രമ കാലയളവിലും രോഗാവസ്ഥയിലും തിരുമേനിയെ ശുശ്രൂഷിച്ച കുമ്പനാട് ഫെലോഷിപ്പ് ആശുപത്രിയിലെ അഡ്മിനിസ്ട്രേറ്ററന്മാർ, ഡോക്ടറന്മാർ, നേഴ്സുമാർ, മറ്റു സ്റ്റാഫ് അംഗങ്ങൾ എന്നി

വരോടും തിരുമേനിയുടെ സെക്രട്ടറി റവ. ബിനു വർഗിസ്, സഹായി ശ്രീ. ഏബ്രഹാം ചാക്കോ തുടങ്ങിയവ രോടും ഉള്ള കടപ്പാട് രേഖപ്പെടുത്തുന്നു.

വലിയ തിരുമേനിയുടെ ഭൗതീക ശരീരം 2021 മേയ് 5–ാം തീയതി രാവിലെ 6 മണിക്ക് കുമ്പനാട് ഫെലോ ഷിപ്പ് ആശുപത്രി ചാപ്പലിൽ പ്രാർത്ഥനയ്ക്കായും പൊതുദർശനത്തിനായും വച്ചപ്പോൾ ദേശവാസികളും ആശുപത്രി സ്റ്റാഫ് അംഗങ്ങളും അന്തിമോപചാരം അർപ്പിച്ചു. 6.30 ന് കുമ്പനാട്ടു നിന്നും പുറപ്പെട്ട് 7 ന് തിരു വല്ല സഭാ ആസ്ഥാനത്തെത്തി. തുടർന്ന് ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലിത്താ സ്മാരക ആഡിറ്റോറിയത്തിൽ ശീതീകരിച്ച പ്രത്യേക പേടകത്തിൽ ഭൗതീക ശരീരം വച്ചു. 7.30 ന് ഒന്നാം ഭാഗം ശുശ്രൂഷ നടന്നു. 8 മുതൽ പൊതുദർശനം ആരംഭിച്ചു. വിവിധ സഭകളിലെ മേലദ്ധ്യക്ഷന്മാരും, സാമൂഹിക, രാഷ്ട്രീയ, ഭരണതലങ്ങളിലെ ജനനേതാക്കളും, വിശ്വാസ സമൂഹവും, പൊതുസമൂഹവും അനുശോചനം അറിയിച്ച് ആദരാഞ്ജലികൾ അർപ്പിച്ചു.

രണ്ടാം ഭാഗം ശുശ്രൂഷ മേയ് 5 –ാം തീയതി വൈകുന്നേരം 6 മണിക്കും മൂന്നാം ഭാഗം ശുശ്രൂഷ 6–ാം തീയതി രാവിലെ 8 നും നടന്നു. അന്നേ ദിവസം ഉച്ചയ്ക്കു ശേഷം 3 ന് കബറടക്ക ശുശ്രൂഷയുടെ നാലാം ഭാഗം ആരംഭിച്ചു. താത്ക്കാലികമായി കൂദാശ ചെയ്ത മദ്ബഹായിൽ നടന്ന ശുശ്രൂഷയ്ക്ക് മെത്രാപ്പോ ലിത്താ നേതൃത്വം നൽകി. നമ്മുടെ അഭിവന്ദ്യരായ ഡോ. യുയാക്കിം മാർ കൂറിലോസ്, ജോസഫ് മാർ ബർന്നബാസ്, തോമസ് മാർ തിമൊഥെയോസ്, ഡോ. ഏബ്രഹാം മാർ പൗലോസ്, ഡോ. മാത്യൂസ് മാർ മക്കാറിയോസ്, ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ്, ഡോ. തോമസ് മാർ തീത്തോസ് എന്നീ തിരു മേനിമാരും സഹോദരീ സഭകളിലെ മേൽപ്പട്ടക്കാരും സഹ നേതൃത്വം നൽകി. ശുശ്രൂഷകൾക്ക് ശേഷം കോവിഡ് പ്രോട്ടോക്കോൾ പ്രകാരം അംഗസംഖ്യ പരിമിതമാക്കി നഗരികാണിക്കൽ നടന്നു. തിരുവല്ല സെന്റ് തോമസ് പള്ളിയുടെ സമീപേയുള്ള പിതാക്കന്മാരുടെ കബറുകളുടെ സമീപം നിർമ്മിച്ച കബറിൽ കബറ ടക്കം നടത്തി. സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക ബഹുമതിയോടുകൂടി കബറടക്ക ശുശ്രൂഷ വൈകു ന്നേരം 5.30 ന് പൂർത്തിയായി.

ആദരണീയനായ ഇന്ത്യൻ രാഷ്ട്രപതി ശ്രീ. റാംനാഥ് കോവിന്ദ്, ആദരണീയനായ ഉപരാഷ്ട്രപതി ശ്രീ. എം. വെങ്കയ്യനായിഡു, ബഹുമാന്യനായ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോഡി, ബഹു. മിസോറാം ഗവർണ്ണർ അഡ്വ. പി.എസ്. ശ്രീധരൻപിള്ള, ജാർഖണ്ഡ് ഗവർണ്ണർ ശ്രീമതി. ദ്രൗപതി മുർമു, ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പ്രസിഡന്റ് ശ്രീമതി സോണിയ ഗാന്ധി, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ മാർക്സിസ്റ്റ് ജന റൽ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരി, കോൺഗ്രസ് നേതാവ് ശ്രീ. രാഹുൽ ഗാന്ധി എം. പി., മന്ത്രിമാർ, കാന്റർബറി ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. ജസ്റ്റിൻ വെൽബി, അഖില ലോക സഭാ കൗൺസിലിന്റെയും ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യയുടെയും ജനറൽ സെക്രട്ടറിമാർ എന്നിവരും സഹോദരീസഭക ളിലെ മേലദ്ധ്യക്ഷന്മാർ തുടങ്ങി സമൂഹത്തിലെ വിവിധ മേഖലകളിലെ സ്നേഹിതരും അനുശോചന സന്ദേ ശങ്ങളിലൂടെ തങ്ങളുടെ ആദരവ് രേഖപ്പടുത്തി.

ബഹു. കേരളാ ഗവർണ്ണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ, ബഹു. കേരളാ മുഖ്യമന്ത്രി ശ്രീ. പിണറായി വിജ യൻ, കർദ്ദിനാളന്മാരായ മോസ്റ്റ് റവ. മാർ ജോർജ് ആലഞ്ചേരി, മോസ്റ്റ് റവ. ബസേലിയോസ് മാർ ക്ലിമിസ് കാതോലിക്കാ ബാവ, മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല, മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ, മറ്റു ജനപ്രതിനിധികൾ, രാഷ്ട്രീയ–സാമൂഹിക–സാംസ്കാ രിക–മത–സഭാ നേതാക്കൾ, വിശ്വാസ സമൂഹം, പൊതു സമൂഹം, സഭാംഗങ്ങൾ തുടങ്ങി സമൂഹത്തിലെ വിവിധ രംഗങ്ങളിലെ സ്നേഹിതർ നേരിട്ട് എത്തി ആദരാഞ്ജലികൾ അർപ്പിച്ചു.

മത–സഭാ വ്യത്യാസമില്ലാതെ സമസ്തജനതയുടെയും സ്നേഹാദരവുകൾക്ക് പാത്രീഭൂതനായ, എല്ലാവരും തങ്ങളുടെ സ്വന്തമായി കരുതുകയും ആദരിക്കുകയും തങ്ങളുടെ ഹൃദയത്തിൽ സ്ഥാനം നൽകുകയും

ചെയ്ത അഭിവന്ദ്യ മാർത്തോമ്മാ വലിയ മെത്രാപ്പോലിത്താ തിരുമേനിയുടെ അതുല്യമായ വ്യക്തിത്വവും അസദൃശ്യമായ ആശയഗാംഭീര്യവും വശ്യമായ പെരുമാറ്റ രീതികളും നർമ്മമധുരമായ ആവിഷ്ക്കരണ ചാതുര്യവും ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. 1944 ജനുവരി 1 നു ശെമ്മാശ് പട്ടവും ജൂൺ 3 നു കശ്ശീശാ പട്ടവും സ്വീകരിച്ചു. തുടർന്ന് വിവിധ ഇടവകകളിൽ ധന്യമായ ശുശ്രൂഷ നിർവ്വഹിച്ചു. 1953 മേയ് 20 നു റമ്പാനായും 23 നു ഫിലിപ്പോസ് മാർ ക്രിസോസ്റ്റം എന്ന നാമത്തിൽ എപ്പിസ്ക്കോപ്പായായും സ്ഥാനാഭിഷേകം ചെയ്യപ്പെട്ടു.

കോട്ടയം–കുന്നംകുളം, അടൂർ–കൊട്ടാരക്കര, തിരുവനന്തപുരം–കൊല്ലം, അടൂർ–മാവേലിക്കര, റാന്നി–നിലയ്ക്കൽ, ചെങ്ങന്നൂർ–തുമ്പമൺ, നോർത്ത് അമേരിക്ക–യൂറോപ്പ്, നിരണം–മാരാമൺ എന്നീ ഭദ്രാസനങ്ങളിൽ ഭദ്രാസനാധ്യക്ഷനായും ബാഹ്യകേരളത്തിലെ മിഷനറി ബിഷപ്പായും അതിശ്രേഷ്ഠമായ നേതൃത്വം നൽകി. സഭയിലെ വിവിധ സംഘടനകളുടെയും സ്ഥാപനകളുടെയും അദ്ധ്യക്ഷനായി പ്രഗത്ഭമായ നേതൃത്വം നൽകി.

1978 ൽ സഫ്രഗൻ മെത്രാപ്പോലിത്തയായും 1999 ൽ ഒഫിഷ്യേറ്റിംഗ് മെത്രാപ്പോലിത്തയായും ഉയർത്തപ്പെടുകയും 1999 ഒക്ടോബർ 23 നു മാർത്തോമ്മാ മെത്രാപ്പോലിത്തയായി സ്ഥാനാരോഹണം ചെയ്യപ്പെടുകയും ചെയ്തു. മെത്രാപ്പോലിത്താ സ്ഥാനത്തു നിന്ന് സ്വയം വിരമിച്ച് 2007 ഒക്ടോബർ 2–ാം തീയതി വലിയ മെത്രാപ്പോലിത്താ എന്ന നിലയിൽ സ്ഥാനാരോഹണം ചെയ്യപ്പെടുകയും ചെയ്തു.

വിശാല എക്യുമെനിക്കൽ മേഖലയിലും സഭൈക്യ പ്രസ്ഥാനങ്ങളിലും അതിശക്തമായ നേതൃത്വം നൽകി. മാനവ സാഹോദര്യം ഊട്ടിയുറപ്പിച്ചതും വിദ്യാഭ്യാസ, ആതുര, സാമൂഹിക മേഖലകളിൽ നിസ്തുല്യമായ നേതൃത്വം നൽകിയതും എക്കാലത്തും സ്മരിക്കപ്പെടും. തിരുമേനിയുടെ സമാനതകളില്ലാത്ത സാമൂഹിക സേവനങ്ങളെയും വ്യക്തിപ്രഭാവത്തെയും മാനിച്ച് 2018 ൽ പത്മഭൂഷൺ ബഹുമതി നൽകി ഭാരത സർക്കാർ തിരുമേനിയെ ആദരിച്ചു എന്നത് സഭയ്ക്ക് എക്കാലത്തും അഭിമാനകരമാണ്.

ആഗോള എക്യുമെനിക്കൽ രംഗത്ത് നിർവ്വഹിച്ചിട്ടുള്ള ശ്രേഷ്ഠ നേതൃത്വത്തിന് ഉത്തമോദാഹരണമാണ് രണ്ടാം വത്തിക്കാൻ കൗൺസിലിൽ പ്രത്യേക ക്ഷണിതാവായി പങ്കെടുത്തത്. അഖില ലോക സഭാ കൗൺസിൽ, ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യ, നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ, കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ, കേരള കൗൺസിൽ ഓഫ് ചർച്ചസ് തുടങ്ങിയ സമുന്നത എക്യുമെനിക്കൽ വേദികളിൽ നിർവ്വഹിച്ചിട്ടുള്ള നേതൃത്വവും ഏറ്റവും ശ്രേഷ്ഠമായിരുന്നു.

വലിയ മെത്രാപ്പോലിത്താ തിരുമേനിയുടെ തൊണ്ണൂറാം ജന്മദിനത്തോടനുബന്ധിച്ച് തിരുമേനിയുടെ സാമൂഹിക ദർശനത്തെ അടിസ്ഥാനമാക്കി, ജാതി–മത ഭേദമെന്യേ സഭയായി രണ്ടായിരത്തി അഞ്ഞൂറിൽപ്പരം ഭവനങ്ങൾ നിർമ്മിച്ചു നൽകുവാൻ സാധിച്ചത് ഈയവസരത്തിൽ അനുസ്മരിക്കുന്നു.

2007 ഒക്ടോബർ 2 ന് മെത്രാപ്പോലിത്താ സ്ഥാനത്തു നിന്നും സ്വയം വിരമിച്ച് മാരാമൺ ജൂബിലി ഹോമിൽ വസിച്ചിരുന്ന സമയത്ത് കർമ്മനിരതമായ ഒരു പുതിയ അദ്ധ്യായത്തിനു തുടക്കം കുറിക്കുകയും കൂടുതൽ സജീവമായി സാമൂഹിക ഇടപെടലുകൾ നടത്തുകയും ചെയ്തു. ഇക്കാലയളവിൽ അനേക മത, സാമൂഹിക, സാംസ്കാരിക നേതാക്കളും പ്രവർത്തകരും സാധാരണക്കാരും തിരുമേനിയുടെ അനുഗ്രഹവും ഉപദേശവും തേടിയിരുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ ഹൃദയത്തോടു ചേർത്തു നിർത്തി അവരുടെ ആവശ്യങ്ങളിൽ സഹായകനായി എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

ഇപ്രകാരം ദൈവരാജ്യ ശുശ്രൂഷ കർത്താവിന്റെ ഹിതപ്രകാരം തന്റെ ഇടയശുശ്രൂഷയിലൂടെ സാധ്യമാക്കി കർത്താവിന്റെ ഉത്തമസാക്ഷിയായി വിശ്വാസ സ്ഥിരതയോടും ധീരതയോടും തന്റെ ജനത്തിനു മുമ്പാകെ

കർത്താവിനു വേണ്ടി ഉത്സാഹത്തോടെ വേല ചെയ്ത് നിത്യതയിലേക്ക് പ്രവേശിച്ചിരിക്കുന്ന തിരുമേനിയുടെ സേവനങ്ങൾ അതിശ്രേഷ്ഠമായിരുന്നു.

*" ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്തിരിക്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഢിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദ വർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു. " (ലൂക്കോസ് 4: 18,19).* ഈ തിരുവചനം യാഥാർത്ഥ്യമാക്കിത്തീർത്ത് വിശ്വാസ സ്ഥിരതരാകുവാൻ ജനങ്ങളെ നിരന്തരം പ്രബോധിപ്പിക്കുകയും കർത്താവിന് വേണ്ടി വിശ്രമരഹിതമായി ശുശ്രൂഷ ചെയ്ത് വിശ്രാമം പ്രാപിച്ചിരിക്കുന്ന തിരുമേനിയുടെ മഹനീയ സേവനങ്ങൾ ചിരസ്മരണീയമാണ്.

പുനരുത്ഥാന നാളിൽ വീണ്ടും ഒരുമിച്ച് കാണാം എന്ന പ്രത്യാശയോടുകൂടെ സമസ്ത വിശ്വാസ സമൂഹവും, ഭാഗ്യസ്മരണാർഹനായ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായ്ക്ക് പ്രത്യാശപൂർവ്വം സമുചിതമായ യാത്രയയപ്പ് നൽകി.

തിരുമേനിയുടെ ദേഹവിയോഗത്തിൽ വേദനയിലായിരിക്കുന്ന സഭാംഗങ്ങൾക്കും, സ്നേഹിതർക്കും, കുടുംബാംഗങ്ങൾക്കും സഭയുടെ നാഥനായ കർത്താവ് ആശ്വാസവും, സമാധാനവും നൽകുമാറാകട്ടെ.

കർത്താവ് യേശുമിശിഹായുടെ കൃപയും സമാധാനവും എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ല പൂലാത്തീനിൽ നിന്നും ക്രിസ്താബ്ദം 2021 മേയ് മാസം 14-ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

.........................................................................................................................................

**അറിയിപ്പ്**

*കബറടക്ക ശുശ്രൂഷ സംബന്ധമായ ചെലവുകൾക്കായി നമ്മുടെ ഇടവകകളിൽ നിന്ന് സംഭാവന നൽകുന്ന നല്ല പതിവ് നമുക്കുണ്ടല്ലോ. ഇടവകകൾ നിത്യചെലവ് സംഖ്യയുടെ അൻപതു ശതമാനത്തിൽ കുറയാത്ത തുക സംഭാവനയായി നൽകുന്ന രീതി തുടരണമെന്ന് അറിയിക്കുന്നു. പ്രസ്തുത തുക 2021 ആഗസ്റ്റ് 31 നകം സഭാ ഓഫീസിൽ ലഭിക്കത്തക്കവണ്ണം അയച്ചു കൊടുക്കേണ്ടതാണ്.*